പിറവം കടുത്തുരുത്തി ഹൈവേയുടെ നിർമ്മാണം

100 [413] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരിയിൽ നിന്നും പിറവം വഴി കടുത്തുരുത്തിയിൽ എത്തുന്ന സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി 2001 മുതൽ 2004 വരെയും 2004 മുതൽ 2005 ഡിസംബർ വരെയും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിന്റെ മതിപ്പ് ചിലവ് എത്ര വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ പ്രോജക്ട് ആരംഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ഇതിന്റെ പ്രവർത്തനങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇപ്പോൾ ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഹൈവേയുടെ പണി ഇതേവരെ ആരംഭിച്ചിട്ടില്ല. 80 കോടി രൂപ മതിപ്പ് ചിലവ് വരുന്ന പ്രസ്തുത പദ്ധതി സർക്കാർ തലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള സാമ്പത്തിക സ്ഥിതി ഇന്നത്തെ സാഹചര്യത്തിൽ സംസ്ഥാനത്തിനില്ല. മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

(ബി) 2001-2004-ൽ പ്രാരംഭ പഠനങ്ങൾ നടത്തി മതിപ്പ് ചിലവ് കണക്കാക്കുകയും 2004-2005-ൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമം നടത്തിയതുമാണ്.

(സി) 80 കോടി രൂപ

(ഡി) തീരുമാനമായിട്ടില്ല.

(ഇ) കേരള റോഡ് ഫണ്ട് ബോർഡിലൂടെ പ്രസ്തുത പണി നടപ്പിലാക്കുന്നതിന് കെ.ആർ.എഫ്. ബോർഡിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മഞ്ചേരി മണ്ഡലത്തിലെ റോഡുകൾ

101 [414] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ ഏത്;

(ബി) ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2006 കാലഘട്ടത്തിൽ മഞ്ചേരി മണ്ഡലത്തിലെ 15 റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) 6 എണ്ണം പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 31-12-2006-ന് മുമ്പ് ബാക്കി റോഡുകളുടെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും നടപടി

102 [415] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളെന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിൽ എത്ര പാലങ്ങളുണ്ട്; എത്ര പാലങ്ങൾ അപകടാവസ്ഥയിലാണ്;

(സി) റോഡുകൾക്കും പാലങ്ങൾക്കുമായി ഒരു വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുന്നു;

(ഡി) ഇതിൽ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി എത്ര തുക വിനിയോഗിക്കുന്നു;

(ഇ) പൊതുമരാമത്ത് വകുപ്പിൽ പാലങ്ങളുടെ സംരക്ഷണത്തിനു മാത്രമായി നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുമോ;

(എഫ്) ബ്രിഡ്ജ് സേഫ്റ്റിക്കു വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയപാതയിൽ പാലങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ വേണ്ടി ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് എന്ന സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ മറ്റ് റോഡുകളിലെ പാലങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ സ്ഥിരമായും ക്രമമായും സംവിധാനം ഉണ്ട്. ഈ സംവിധാനമുപയോഗിച്ച് ബ്രിഡ്ജിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പഠനം നടത്തി സത്വര അനന്തര നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly